# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടാളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/952/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുടാളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുടാളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടാളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/952/2021 തീയ്യതി: 06/10/2021

## കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുടാളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 27-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 27-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷഹീൻ. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എൻ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി. പി. നൌഫൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഇബ്രാഹിം. എൻ. വി. | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ. രാജൻ. കെ. | സെക്രട്ടറി | 15-07-2019 | 09-01-2020 |
| | | 01-03-2020 | 31-03-2020 |
| ശ്രീമതി. ബിന്ദു. പി. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-01-2020 | 29-02-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു. പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ധർമ്മരാജൻ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്മിത. കെ.ഒ. | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ഡോ. ജസ്ന മരിയ. പി. | കൃഷി ഓഫീസർ | 24-09-2019 | 31-03-2020 |
| ശ്രീമതി. പ്രീയജ. സി.കെ | വി.ഇ.ഒ. കൂടാളി | 01-04-2019 | 24-06-2019 |
| | | 25-07-2019 | 23-08-2019 |
| ശ്രീ. നീരൂപ് കുമാർ. പി. | വി.ഇ.ഒ. കൂടാളി | 25-06-2019 | 24-07-2019 |
| | | 05-02-2020 | 01-03-2020 |
| ശ്രീമതി. രേഷ്മ രവീന്ദ്രൻ | വി.ഇ.ഒ. കൂടാളി | 24-08-2019 | 04-02-2020 |
| ശ്രീ. ശ്രീജിത്ത്. വി.കെ. | വി.ഇ.ഒ. കൂടാളി | 02-03-2020 | 31-03-2020 |
| ശ്രീ. നീരൂപ് കുമാർ. പി. | വി.ഇ.ഒ. പട്ടാന്നൂർ | 01-04-2019 | 07-03-2020 |
| ശ്രീ. ശ്രീജിത്ത്. വി.കെ. | വി.ഇ.ഒ. പട്ടാന്നൂർ | 08-03-2020 | 10-03-2020 |
| ശ്രീമതി. ജോമോൾ ജോസ് | വി.ഇ.ഒ. പട്ടാന്നൂർ | 11-03-2020 | 31-03-2020 |
| ഡോ. സോനു ബി | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| നായർ | ഓഫീസർ FHC | | |
| ഡോ. സോജ്. ആർ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 21-11-2019 |
| | | 13-12-2019 | 31-03-2020 |
| ഡോ. വീണ. പി. | മെഡിക്കൽ ഓഫീസർ ആയുർവേദം | 22-11-2019 | 12-12-2019 |
| ഡോ. സംഗീത ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. മഗേഷ്. എസ്. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രസാദൻ. കെ.പി. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 25-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 25-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 25-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothish Kumar (Audit Officer (HG), On 25-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 28-08-2021) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 25-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 25-08-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-10 |
| 13 | ഗ്രാമസഭ<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-08-2021) | 1-11 |
| 14 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-12 |
| 15 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-13 |
| 16 | സാമൂഹ്യസുരക്ഷാമിഷന് തുക കൈമാറൽ - രേഖകൾ ലഭ്യമാകാത്തതിനാൽ ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-08-2021) | 1-14 |
| 17 | എസ്.എസ്.എ. വിഹിതം നൽകൽ - ഗ്രാമ പഞ്ചായത്തിലെ | 1-15 |

| | | |
|---|---|---|
| | വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭിച്ചു എന്ന വിവരം ലഭ്യമല്ല.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 03-09-2021) | |
| 18 | കന്നുകുട്ടി പരിപാലനം - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല ₹3,93,750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-16 |
| 19 | തുടർ സാക്ഷരത- രശീത് ഹാജരാക്കിയില്ല ₹29,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-17 |
| 20 | ഒന്നാം ക്ലാസ്സ് ഒന്നാം തരം, സർക്കാർ സ്കൂളുകൾ നവീകരിക്കൽ- രേഖകൾ ഹാജരാക്കിയില്ല ₹31,256 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Harish Kumar M.V (Computer Assistant, On 30-09-2021) | 1-18 |
| 21 | സാന്ത്വന പരിചരണം - നിർവ്വഹണത്തിലെ അപാകങ്ങൾ - 149995 (99995 + 50000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-19 |
| 22 | ഫാമിലി ഹെൽത്ത് സെന്റർ ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ₹4,54,333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-20 |
| 23 | പി എം എ വൈ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-21 |
| 24 | വരൾച്ചാ പ്രതിരോധ പ്രവർത്തനം പൈപ്പ് ലൈൻ നീട്ടൽ -പ്രവൃത്തി പൂർത്തീകരിച്ചതിന്റ വിവരം ലഭ്യമാക്കാത്തതിനാൽ ₹60,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-22 |
| 25 | ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് റോഡിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-23 |
| 26 | പൊതു കുഴൽ കിണർ നിർമ്മാണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹1,48,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 28-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 30-08-2021) | 1-24 |
| 27 | ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന | 1-25 |

| | | |
|---|---|---|
| | തുക കരാറുകാരന് അധികം നല്കി<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | |
| 28 | ടെണ്ടർ തിരുത്തലുകൾ (കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ വ്യവസ്ഥകൾ പാലിക്കുന്നില്ല.<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 1-26 |
| 29 | ഖരമാലിന്യ സംസ്കരണം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററർ നിർമ്മിക്കുന്നതിന് അനുവദിച്ച ₹17,00,000 വിനിയോഗിക്കാതെ തിരിച്ചടച്ചു.<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 30-08-2021) | 1-27 |
| 30 | ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിന് അനുവദിച്ച ₹11,02,800 വിനിയോഗിച്ചില്ല.<br>Written By: Shaheen.P (Asst. Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Jyothish Kumar (Audit Officer (HG), On 26-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 26-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-10-2021) | 4-11 |



**അനുബന്ധം**



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് |

# ഭാഗം -1

## 1-1 ബജറ്റ്

കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ ബജറ്റ് 2-3-2019 ലെ 1/42/19 -)ം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10075560 |
| വരവ് | 253197160 |
| ആകെ | 263272720 |
| ചെലവ് | 258700790 |
| നീക്കിയിരിപ്പ് | 4571930 |

### 1-1-1 പുതുക്കിയ ബജറ്റ്

കുടാളി ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ പുതുക്കിയ ബജറ്റ് 13-3-2020 ലെ 47/20 -)ാ നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7479825 |
| വരവ് | 196283393 |
| ആകെ | 203763218 |
| ചെലവ് | 201748617 |
| നീക്കിയിരിപ്പ് | 2014601 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2020 | 29-5-2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1-വസ്തുനികുതി: സഞ്ചയയിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വസ്തു നികുതി കുടിശ്ശിക(ഡിമാന്റ് ) | 234193 | 62179 (B15-AFS 2018-19) |
| ലൈബ്രറി സെസ്സ് കുടിശ്ശിക(ഡിമാന്റ് ) | 11730 | 3112 (B15-AFS 2018-19) |
| വസ്തു നികുതി കുടിശ്ശിക(കലക്ഷൻ) | 234208 | 121029 (RP43-AFS 2019-20) |

2- B-11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം, വർഷംഉടങ്ങിയ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3- സ്ഥാപനത്തിന്റെ ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

കരാറുകാർ ബിൽ സമർപ്പിച്ച് തുക നൽകാത്ത മരാമത്ത് പ്രവർത്തികളുടെ തുക ₹9923970 ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

4- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ കണക്കുകൾ വാർഷിക കണക്കിലെ തുകകളുടമായി പൊരുത്തപ്പെടുന്നില്ല.

5-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 33846012.68 |
| വരവ് | 5,73,85,505 |
| ആകെ | 9,12,31,517.68 |
| ചെലവ് | 5,12,83,662 |
| നീക്കിയിരിപ്പ് | 3,99,47,855.68 |
| വരവിനങ്ങളിലെ നഷ്ടം | 11,800 |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 14,46,739 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13211959 | 13211959 | 11759231 | 1452728 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1462294 | 1462294 | 349188 | 1113106 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 197000 | 197000 | 154000 | 43000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10855676 | 10855676 | 5249386 | 5606290 |
| കെ.ൽ. എസ്. ജി. ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10245000 | 10245000 | 6698082 | 3546918 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4228000 | 4228000 | 3174001 | 1053999 |
| എസ്.എസ്.എ | 1901 | 66 | 1967 | 0 | 1967 |
| ദുരിതാശ്വാസനിധി | 26847 | 20514 | 47361 | 33000 | 14361 |
| പൂരക പോഷകാഹാരം | 718928 | 1059920 | 1778848 | 1024679 | 754169 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 0 | 147515 | 147515 | 147515 | 0 |

| | | | | | |
|---|---|---|---|---|---|
| (അംഗൻവാടി വയറിംഗ്) | | | | | |
| ഒ ഡി എഫ് | 105000 | 0 | 105000 | 96000 | 9000 |
| ശുചിത്വമിഷൻ | 2515904 | 0 | 2515904 | 1832000 | 683904 |
| എം.പി.ഫണ്ട് | 3758 | 129 | 3887 | 0 | 3887 |
| ഹരിത കേരള മിഷൻ | 0 | 20400 | 20400 | 20400 | 0 |
| വിമുക്തി | 26700 | 0 | 26700 | 23552 | 3148 |
| കില | | 33260 | 33260 | 0 | 33260 |
| ലൈഫ് മിഷൻ | 20000 | 0 | 20000 | 0 | 20000 |
| കേരളോത്സവം | 0 | 20000 | 0 | 20000 | 0 |
| സാക്ഷരത | 125713 | 4611 | 130324 | 125213 | 5111 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 182 | 8,52,01,209 | 113 | 3,49,11,653 | 56 | 69 | 31.32 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 30 | 16 | 12628008 | 5497017 | 43.53 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 4 | 764800 | 213908 | 27.97 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 87 | 51 | 33740279 | 14147279 | 41.93 |
| 4 | കൃഷി ഓഫീസർ | 5 | 4 | 4008178 | 2088984 | 52.11 |
| 5 | വി.ഇ.ഒ. കുടാളി | 12 | 9 | 15633731 | 2379003 | 15.22 |
| 6 | എൽ.വി.ഇ.ഒ. പട്ടാന്നൂർ | 9 | 7 | 4094849 | 1693013 | 41.34 |
| 7 | മെഡിക്കൽ ഓഫീസർ FHC | 8 | 6 | 2013135 | 1221514 | 60.68 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 410400 | 410400 | 100 |
| 9 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 200000 | 197777 | 98.89 |
| 10 | വെറ്ററിനറി സർജൻ | 5 | 3 | 3863942 | 1563392 | 40.46 |
| 11 | ഹെഡ് മാസ്റ്റർ | 9 | 6 | 1468592 | 374687 | 25.51 |
| 12 | ICDS സൂപ്പർവൈസർ | 6 | 3 | 6375295 | 5124679 | 80.38 |
| | ആകെ | 182 | 113 | 85201209 | 34911653 | 40.98 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | ₹ | ₹ | ₹ | ₹ | ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,663 | 9,56,144 | 9,62,807 | 5,86,058 | 3,76,749 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,97,92,166 | 2,97,92,166 | 2,97,92,166 | 0 |
| ആകെ | 6,663 | 3,07,41,182 | 3,07,47,845 | 3,03,71,096 | 3,76,749 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 65 | 83160 |
| കർഷകതൊഴിലാളി പെൻഷൻ | 684 | 3787200 |
| വിധവാ പെൻഷൻ | 1020 | 5948400 |
| വാർദ്ധക്യകാല പെൻഷൻ | 2148 | 12021300 |
| വികലാംഗ പെൻഷൻ | 369 | 2166500 |
| അവിവാഹിത പെൻഷൻ | 140 | 798000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)0 വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-8-2021 ന് 2.40 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,468 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്.ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം പ്രതിമാസ സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല. ഓരോ സ്റ്റാഫ് മീറ്റിംഗിലും തീരുമാനങ്ങളെടുത്ത് യോഗം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. 100% പിരിവ് കൈവരിക്കൽ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളുടെ വിലയിരുത്തൽ തുടങ്ങിയ വിഷയങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. പ്രതിമാസസ്റ്റാഫ് മീറ്റിംഗിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇതുവരെയും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നികുതി നികുതിയേതര വരവിൽ വർദ്ധനവ് വരുത്തുന്നതുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലെ തുകകളുമായി താരതമ്യ പഠനം നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-4-2004 | 1997-98 മുതൽ 2003-04 വരെ | 20-7-2004 |

| | | | |
|---|---|---|---|
| | | | |
| പെർഫോമൻസ് ഓഡിറ്റ് | 19-7-2021<br>20-7-2021 | 6/2021 | 20-7-2021 |

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലും നാല് തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. പതിനെട്ട് വാർഡുകളിലും ക്വാറം തികഞ്ഞിട്ടുണ്ട്. 2018-19 ലെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, 2019-20 ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, 2019-20 വാർഷിക പദ്ധതി രൂപീകരണവും അവലോകനവും, നവ കേരള മിഷൻ, ശുചിത്വം-ഹരിത നിയമാവലികൾ, പ്ലാസ്റ്റിക്ക് നിരോധനം, വിമുക്തി പദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അംഗീകരിക്കൽ എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചും പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ചുമുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും പദ്ധതി അവലോകനം നടത്തുന്നില്ല എന്നത് പോരായ്മയാണ്. ഗ്രാമസഭാ മിനുട്സുകൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പ് വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

1. എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. 2019-20 വർഷത്തെ എഫ്. ടി. ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ /സംരംഭം | ഒടുക്കിയ ലൈസൻസ് ഫീസ്/രശീത്/ തിയ്യതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | സെൽവരാജ് കക്കറക്കൽ | 3 | XVIII/195 B, C കുമ്മായം, നീറ്റുകക്ക എന്നിവ ഉല്പാദിപ്പിച്ച് വില്പന | ₹1000 105954/25.11.19 | രണ്ടാം അർദ്ധ വർഷം |
| 2 | കെ. കുഞ്ഞിപ്പോക്കൻ | 4 | III/174 D ഡയാലിസിസ് സെന്റെർ | ₹500 110692/25.03.19 | രണ്ടാം അർദ്ധ വർഷം |
| 3 | സെക്രട്ടറി, ഇക്കോസ് കൺസ്യൂമർ സ്റ്റോർ | 2 | XIV/677 D കൺസ്യൂമർ സ്റ്റോർ | ₹500 106890/11.12.19 | രണ്ടാം അർദ്ധ വർഷം |
| 4 | അസ്കറലി. ടി.സി | 3 | IX/391 ഐസ് കാന്റി നിർമാണം | 1000/- 107686/04.01.20 | രണ്ടാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| 5 | അനീസ്. കെ. എ | 5 | V/22 B<br>ഫർണിച്ചർ വില്പന | ₹1000<br>103190/5.10.19 | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | പി. പ്രശാന്തൻ | 2 | VIII/218 A<br>വുഡ് വർക്ക് | 500/-<br>103714/25.10.19 | രണ്ടാം അർദ്ധ വർഷം |
| 7 | സജേഷ്. വി. കെ | 2 | VI/229<br>ഫർണിച്ചർ നിർമാണം | ₹500<br>103087/3.10.19 | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | സുമേഷ്. എ | 3 | VIII/87 B<br>കോൺക്രീറ്റ് കവറിംഗ് ബ്ലോക്ക് നിർമാണം | ₹500<br>101275/24.06.19 | ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | ആശ സ്വാശ്രയ സംരഭം | 6 | V/474<br>സ്റ്റേഷനറി | ₹100<br>101119/15.06.19 | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽപ്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് നല്കിയ 7/16.08.21 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കേണ്ടതാണ്.

2. 2019-20 വർഷം ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഈടാക്കിയതിലെ അപാകങ്ങൾ

1. കൂടാളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 3 മാവേലി സ്റ്റോറുകളും 5 ഷോപ്പിംഗ് കോംപ്ലക്സുകളും ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. അവയിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/12.08.2021) മറുപടിയായി 3 മാവേലി സ്റ്റോറുകളിൽ നിന്നും 5 ഷോപ്പിംഗ് കോംപ്ലക്സുകളിൽ പ്രവർത്തിക്കുന്ന സംരംഭകരിൽ നിന്നും ഒരു കൺസ്യൂമർ സ്റ്റോറിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നുണ്ട് എന്ന് മാത്രമാണ് അറിയിച്ചത്. എന്നാൽ അവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന്റെ വിശദാംശങ്ങളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കൂടാളി ഗ്രാമപഞ്ചായത്ത് 28-02-2018ലെ 1/40/18 ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉൽപാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ഉൽപാദന മേഖല | ലൈസൻസ് ഫീസ് ₹ |
|---|---|
| 50000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 50000 രൂപ മുതൽ 1 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ മൂലധനം ഉള്ളത് | 350 |
| 5 ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 2500001 രൂപ മുതൽ 1 കോടി രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 10000001 രൂപ മുതൽ 5 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |

| | |
|---|---|
| സേവന മേഖല | |
| 25000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 25000 മുകളിൽ 1 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 300001 രൂപ മുതൽ 10 ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50 ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 5000001 രൂപ മുതൽ 2 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |

എന്നാൽ മേൽ പറഞ്ഞിട്ടുള്ള നിരക്കിലെ മൂലധനമുള്ള നിന്നും താഴെ പറയുന്നവരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം ₹ | ഈടാക്കേണ്ട ലൈസൻസ് ഫീസ് ₹ | ഈടാക്കിയ ലൈസൻസ് ഫീസ് ₹ | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | പി കെ ഹനീഫ IV/491,492 | ഫർണിച്ചർ വില്പന | 1200000 | 1000 | 500 | 500 |
| 2 | ഉവൈസുൽ കർണി XIV/173 To 177 | അലൂമിനിയം, പി വി സി മെറ്റീരിയൽസ് വില്പന | 1600000 | 1000 | 500 | 500 |
| 3 | ബിന്ദു. ടി V/332 | ടൈലറിംഗ് | 150000 | 300 | 200 | 100 |
| 4 | സന്തോഷ്.ടി V/333 | കമ്പ്യൂട്ടർ അനുബന്ധ സേവനം | 150000 | 300 | 200 | 100 |
| 5 | സന്തോഷ് തോമസ് XIV/178 | ഓട്, ടൈൽസ് വിൽപ്പന | 1200000 | 1000 | 500 | 500 |
| 6 | കെ. വി. വിജയൻ V/587,588,589 | അനാദിക്കച്ചവടം | 200000 | 300 | 200 | 100 |
| 7 | സെക്രട്ടറി,ഇക്കോസ് കൺസ്യൂമർ സറ്റോർ XIV/677 C,D | കൺസ്യൂമർ സറ്റോർ | 2000000 | 1000 | 500 | 500 |
| 8 | മാണിക്കോത്ത് മുകുന്ദൻ XIV/611,612,613 | ഹാർഡ് വെയർ ഷോപ്പ് | 300000 | 400 | 300 | 100 |
| 9 | അബ്ദുൾ റാസീഖ് V/656 | വാട്ടർ സർവ്വീസ് | 1200000 | 1000 | 500 | 500 |
| 10 | അബ്ദുൾ റാസീഖ് V/654 | സ്പെയർ പാർട്സ് വില്പന | 1200000 | 1000 | 200 | 800 |
| 11 | നൗഫൽ. കെ I/559 To 565 | സിമന്റ്, സ്റ്റീൽ ഐറ്റംസ് വില്പന | 7500000 | 5000 | 1000 | 4000 |
| 12 | അഷ്റഫ്. വി. കെ IV/11 | ഹാർഡ് വെയർ സാധനങ്ങൾ സംഭരണം | 250000 | 400 | 300 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13 | അഷ്റഫ്. വി. കെ IV/12A | ഹാർഡ് വെയർ സാധനങ്ങൾ വില്പന | 1200000 | 1000 | 500 | 500 |
| 14 | ഷഹീർ. എം XIV/280 | സ്ക്രീൻ പ്രിന്റിംഗ് | 1200000 | 1000 | 500 | 500 |
| 15 | രാജീവൻ. വി. വി XVIII/150,151 | ഫർണിച്ചർ വില്പന | 1100000 | 1000 | 500 | 500 |
| 16 | സി. സദാനന്ദൻ XI/285A | സ്റ്റെയിൻലസ് സ്റ്റീൽ പൈപ്പ് വില്പന | 1500000 | 1000 | 500 | 500 |
| 17 | സി. ആർ സന്തോഷ് XVI/256A | വാഹന വില്പന | 2000000 | 1000 | 500 | 500 |
| 18 | ഷംജിത്ത്. പി. കെ XVII/329 A | ടയർ, ആക്സസറീസ് വില്പന | 1500000 | 1000 | 500 | 500 |
| 19 | അജിത്ത് കുമാർ. എ X/337 A,B,C | ഹാർഡ് വെയർ ഷോപ്പ് | 2000000 | 1000 | 500 | 500 |
| 20 | വിനീഷ്. പി 1/580 | ടെക്സ്റ്റയിൽസ് ഷോപ്പ് | 1050000 | 1000 | 500 | 500 |
| ആകെ | | | | | ₹8900 | ₹11800 |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/12.08.2021) നൽകിയ മറുപടിയിൽ ക്രമനമ്പർ 1 മുതൽ 20 വരെയുള്ള കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് പ്രസ്തുത സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽപ്പെട്ടവയാണെന്ന് കണക്കാക്കിയാണെന്നും സേവന മേഖലയിൽ ഉൾപ്പെടുത്തി മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുക എത്രയും പെട്ടെന്ന് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ ഈടാക്കാത്തതിൽ കുറവ് വന്ന 11800 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-14 സാമൂഹ്യസുരക്ഷാമിഷന് തുക കൈമാറൽ - രേഖകൾ ലഭ്യമാകാത്തതിനാൽ ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 183/20 സാമൂഹ്യസുരക്ഷാമിഷന് തുക കൈമാറൽ |
| അടങ്കൽ | ₹2,00,000 വികസന ഫണ്ട് |
| ചെലവ് തുക | ₹2,00,000 ബിൽ നമ്പർ : 16/19-20/11-12-2019 |

കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറുന്ന ഈ പ്രോജക്ട് പ്രകാരം ₹2,00,000 സാമൂഹ്യസുരക്ഷാമിഷന് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളായ 1. ഹരിഷ്മ. കെ D/O രതീഷ്. പി.പി, 2. സിയാന. കെ.സി D/O സഹീദ. കെ.സി, 3. റിദ ഫാത്തിമ. കെ.പി D/O സമീറ, 4. മുഹമ്മദ് അഫാൻ S/O അബൂബക്കർ എന്നീ നാല് പേർക്ക് ₹50,000 വീതം നൽകുന്നതിനാണ് സാമൂഹ്യ സുരക്ഷാമിഷന് തുക നൽകിയിട്ടുള്ളത്. എന്നാൽ തുക കൈപ്പറ്റിയതിന്റെ രശീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 21/24-8-2021ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 എസ്.എസ്.എ. വിഹിതം നൽകൽ - ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭിച്ചു എന്ന വിവരം ലഭ്യമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| | |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 1/20 എസ്.എസ്. എ. വിഹിതം നൽകൽ |
| അടങ്കൽ | ₹7,24,743 വികസന ഫണ്ട് |
| ചെലവ് തുക | ₹7,24,743 ബിൽ നമ്പർ : 7/19-20/27-7-2019 |

എസ്.എസ്.എ. വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം കണ്ണൂർ ജില്ല പ്രോജക്ട് ഓഫീസർ എസ്.എസ്.കെ എന്നവർക്ക് ₹7,24,743 നൽകിയിട്ടുണ്ട്. 2019-20 ലെ ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് ആയ ₹36,69,341 യുടെ LSG ഷെയർ ആയ ₹14,67,736 (40 %) യിൽനിന്നും മുൻവർഷം കൂടുതലായി ഒടുക്കിയ ₹4,18,403 കുറവുചെയ്ത ശേഷമുള്ള തുകയായ ₹10,49,333 ഒടുക്കുന്നതിന് എസ്.എസ്.കെ കണ്ണൂർ ആവശ്യപ്പെടുകയും ₹7,24,743 നൽകുകയുമാണ് ചെയ്തത്. എസ്.എസ്.കെ യുടെ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഈ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭ്യമായിട്ടുണ്ട് എന്നുള്ള വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും വിദ്യാലയങ്ങൾക്കും ഏതൊക്കെ ആനുകൂല്യ പ്രവർത്തനങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തൽ നടത്തേണ്ടതാണ്.

## 1-16 കന്നുകുട്ടി പരിപാലനം - രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കിയില്ല ₹3,93,750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 33/20, കന്നുകുട്ടി പരിപാലനം |
| അടങ്കൽ<br>ആകെ | ₹ 3,93,567 വികസനഫണ്ട് പൊതുവിഭാഗം<br>₹ 3,93,750 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹ 183 തനത് ഫണ്ട്<br>₹ 8,75,000 മറ്റുള്ളവ<br>₹ 15,75,000 |
| ചെലവ്<br>ആകെ | ₹ 3,93,567 വികസനഫണ്ട് പൊതുവിഭാഗം<br>₹ 183 തനത് ഫണ്ട്<br>₹ 3,93,750<br>₹ 3,93,567 ബിൽ നമ്പർ 3/19-20, 15-11-2019<br>₹ 183 ചെക്ക് നമ്പർ 2954228, 29-10-2019 |

4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പ്രോജക്ട്. 70 ഗുണഭോക്താക്കൾക്ക് മയ്യിൽ ക്ഷീരസഹകരണ സംഘത്തിൽ നിന്നുമാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച ₹3,93,567 യുടെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ അക്കൗണ്ടിലേക്ക് ₹3,93,750 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകളും എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീതും ഫയലിൽ ലഭ്യമല്ല. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ടും വെറ്ററിനറി സർജൻ മൃഗാസ്പത്രിയിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററും

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹3,93,750 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 തുടർ സാക്ഷരത- രശീത് ഹാജരാക്കിയില്ല ₹29,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 29/20, തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ<br>ആകെ | ₹ 30,000 (വികസന ഫണ്ട്, ജനറൽ)<br>₹ 11,000 (മറ്റുള്ളവ)<br>₹ 41,000 |
| ചെലവ് | ₹ 29,400, ബിൽ നമ്പർ 3/19-20, തീ. 24-02-2020 |

കൂടാളി ഗ്രാമ പഞ്ചായത്തിലെ കൊളോളം തുടർവിദ്യാ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10 ാം തരം, +1, +2 പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

കൂടാളി ഗ്രാമ പഞ്ചായത്തിലെ 10-ാം തരം തുല്യതയുടെ 8 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസായ ₹14,000 യും ഹയർ സെക്കന്ററി വിഭാഗം 7 പഠിതാക്കളുടെയും രജിസ്ട്രേഷൻ ഫീസായ ₹15,400 ഉൾപ്പെടെ ആകെ ₹29,400 കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 02880100113107 UCBA) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക അക്കൗണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കി പഠിതാക്കളുടെ ലിസ്റ്റ് സഹിതം ഹാജരാക്കിയാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് ഒറിജിനൽ രശീതി സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്നതാണെന്ന് ജില്ലാ കോ-ഓർഡിനേറ്റർ കത്തിൽ അറിയിച്ചിരുന്നു. എന്നാൽ സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹29,400 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഒന്നാം ക്ലാസ്സ് ഒന്നാം തരം, സർക്കാർ സ്കൂളുകൾ നവീകരിക്കൽ- രേഖകൾ ഹാജരാക്കിയില്ല ₹31,256 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 125/20<br>ഒന്നാം ക്ലാസ്സ് ഒന്നാം തരം,<br>സർക്കാർ സ്കൂളുകൾ നവീകരിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ<br>ആകെ | ₹ 17,136 (തനത് ഫണ്ട്)<br>₹ 1,12,600 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹ 21,600 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹ 31,256 (സംരക്ഷണ ഗ്രാന്റ്, നോൺ റോഡ്)<br>₹ 1,82,592 |
| ചെലവ് | ₹ 31,256 (സംരക്ഷണ ഗ്രാന്റ്, നോൺ റോഡ്)<br>ബിൽ നമ്പർ 1/19-20, തീ. 02.04.2019 |

2018-19 വർഷം ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ ഒന്നാം ക്ലാസ്സ് ഒന്നാം തരം, സർക്കാർ സ്കൂളുകൾ നവീകരിക്കൽ എന്ന പ്രോജക്ടിൽ സംരക്ഷണ ഗ്രാന്റ്, നോൺ റോഡ് ഇനത്തിൽ ചെലവഴിക്കാതിരുന്ന ₹31,256 തൻവർഷം സ്പിൽ ഓവർ പ്രോജക്ട് വഴി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവിന് അടിസ്ഥാനമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയതിന്റെ ബിൽ കോപ്പി മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/13-08-2021) തുക കെൽട്രോണിന് അനുവദിച്ചതാണെന്നും സ്പിൽ ഓവർ പ്രോജക്ടായതിനാൽ രേഖകൾ മുൻവർഷം പരിശോധിച്ചിരുന്നു എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. കമ്പ്യൂട്ടർ സ്റ്റോക്കിലെടുത്തതിന്റെയും സ്ഥാപിച്ചതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹31,256 ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 സാന്ത്വന പരിചരണം - നിർവ്വഹണത്തിലെ അപാകങ്ങൾ - 149995 (99995 + 50000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 80/20, സാന്ത്വന ചികിത്സ |
| അടങ്കൽ<br>ആകെ | ₹ 4,00,000 (വികസന ഫണ്ട്, ജനറൽ)<br>₹ 65,840 (തനത് ഫണ്ട്)<br>₹ 1,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹ 5,65,840 |
| ചെലവ്<br>ആകെ | ₹ 4,00,000 (വികസന ഫണ്ട്, ജനറൽ)<br>₹ 2,189 (തനത് ഫണ്ട്)<br>₹ 99,995 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹ 5,02,184 |

കൂടാളി ഗ്രാമ പഞ്ചായത്തിലെ ശയ്യാവലംബികളായ രോഗികൾക്ക് അവരുടെ വീടുകളിൽ ചെന്ന് ആഴ്ചയിൽ 2 തവണ ചികിത്സ നൽകുന്നതിനും മരുന്നുകളും കിടപ്പുരോഗികൾക്ക് വീൽചെയർ, വാക്കർ, വാക്കിംഗ് സ്റ്റിക്ക്, വാട്ടർ ബെഡ്, കോമ്മോഡ് ചെയർ തുടങ്ങിയ ഉപകരണങ്ങൾ ആവശ്യകതയ്ക്കനുസരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിനും കമ്മ്യൂണിറ്റി നഴ്സ് ഹോണറേറിയം ₹15,000, ഫോൺ അലവൻസ് ₹300, ഡ്രൈവർ വേതനം ₹8,800, ഇന്ധനച്ചെലവ് ₹320, ഭക്ഷണം ₹250, യാത്ര ₹2,200, പരിശീലനം ₹10,000, സ്റ്റേഷനറി &പ്രിന്റിംഗ് ₹5,000, കിടപ്പുരോഗികൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്ന് ₹50,000 യും ചേർത്ത് ആകെ ₹4,65,840 ഗ്രാമ പഞ്ചായത്ത് വിഹിതവും ഉപകരണങ്ങൾ, മരുന്ന് എന്നിവ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതം ₹1,00,000 വകയിരുത്തിയാണ് ₹5,65,840 യുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാക ങ്ങൾ ചുവടെ കൊടുക്കുന്നു.

1) പെയിൻ & പാലിയേറ്റീവ് പദ്ധതിയിൽ ബിൽ നമ്പർ 12/19-20, തീയതി 19-02-2020 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നും പാലിയേറ്റീവ് ഉപകരണങ്ങളും വാങ്ങാൻ ₹99,995 - ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുണ്ട്. ₹50,000 നുള്ള മരുന്നിനും ₹49,995 നുള്ള ഉപകരണങ്ങൾക്കുമായി കെ എം എസ് സി എൽ ലഭ്യമാക്കിയ പ്രഫോർമ ഇൻവോയ്സുകൾ (നം. PRF 3506, 28-12-2019, നം. PRF 3676, 02-01-2020) പ്രകാരമാണ് ₹99,995 കെ എം എസ് സി എൽ-ന്റെ പഞ്ചാബ് നാഷണൽ ബാങ്കിലെ 3624001000000019നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. നമ്പർ 6/20, തീയതി 05-03-20, 136/20, തീയതി 10-06-20 പ്രകാരം മെഡിക്കൽ ഓഫീസർ മരുന്നും ഉപകരണങ്ങളും ലഭ്യമാക്കാത്തതിന് കെ എം എസ് സി എൽ മാനേജർക്ക് കത്തയച്ചിട്ടുണ്ട്. മരുന്നിന്റെ അസ്സൽ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രഫോർമ ഇൻവോയ്സുകളിലാണ് ക്യാൻസൽ ചെയ്ത് പേയ്മെന്റ് സർട്ടിഫിക്കറ്റ് എഴുതിയിട്ടുള്ളത്. പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ സ്റ്റോക്ക് രജിസ്റ്റർ പേജ് 141, 142 - ൽ 1443, തീയതി 28-08-2020, 2370, തീയതി 10-12-2020, 19, തീയതി 17-06-2021 എന്നീ വൗച്ചറുകളിലായി PRF 3506, 28-12-2019 പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ പ്രോഫോർമ

ഇൻവോയ്സിൽ ചേർത്തിട്ടുള്ള താഴെപ്പറയുന്ന മരുന്നുകൾ ലഭിച്ചിരുന്നതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | മരുന്നിന്റെ പേര് | പ്രഫോർമ ഇൻവോയ്സ് പ്രകാരം എണ്ണം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എണ്ണം | ഒരെണ്ണത്തിന്റെ വില | കുറവുള്ള മരുന്നിന്റെ വില ₹ |
|---|---|---|---|---|---|
| 1 | GLIMPRIDE 2Mg + METMORMIN 500 Mg Tab (DAILYGLIM M2) -BG | 536 | 500 + 30 = 530 | 1.32 + 6% GST | 8.9 |
| 2 | EPTOIN 100 Mg Tab 120'S | 15 | 14 | 147.01+ 6% GST | 165 |
| 3 | VOLIBO 0.2 Mg Tab | 300 | -- | 6.32+ 6% GST | 2123.52 |
| 4 | PLETOZ 50 Mg Tab | 500 | -- | 8.84 + 6% GST | 4950.4 |
| 5 | CARBAMAZEPINE 200 Mg (HYPNOCARB) Tab-BG | 750 | -- | 1.05 + 6% GST | 288 |
| 6 | TEROL LA 2Mg CAP | 500 | -- | 11.59 + 6% GST | 6490.4 |
| ആകെ | | | | | 14620.22 |

പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ മുഴുവനും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അസ്സൽ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതു പ്രകാരം ഭാഗികമായാണ് മരുന്ന് ലഭിച്ചതെങ്കിൽ മേൽ പട്ടികയിൽ കാണിച്ച മരുന്നുകൾ ലഭ്യമാക്കാത്തതിന്റെ കാരണം വിശദീകരിക്കുന്നതിനും പ്രഫോർമ ഇൻവോയ്സ് നം. PRF 3676, 02-01-2020 പ്രകാരമുള്ള ഉപകരണങ്ങൾ ലഭിച്ചതിന്റെ അസ്സൽ ബില്ലും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 17/23-08-2021) നൽകിയ മറുപടിയിൽ മേൽ പട്ടികയിൽ കൊടുത്ത ക്രമ നമ്പർ 5, ക്രമ നമ്പർ 6 ൽ 400 എണ്ണം എന്നിവ ഒഴികെ ബാക്കി മരുന്നുകൾ ലഭിച്ചതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് മറുപടിയോടൊപ്പം ഹാജരാക്കുന്നു എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് നൽകിയിട്ടില്ല. പ്രഫോർമ ഇൻവോയ്സ് നം. PRF 3676, 02-01-2020 പ്രകാരമുള്ള ഉപകരണങ്ങൾ ഒരെണ്ണമൊഴികെ ബാക്കി ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ അസ്സൽ ബില്ലും സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ₹99995/- തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭിച്ചതിന്റെ അസ്സൽ ബില്ലും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) ബിൽ നമ്പർ 14/19-20, തീയതി 10-03-2020 ; ₹50,000 ചെലവഴിച്ച് ചാലോട് നീതി സ്റ്റോറിൽ നിന്നും ചുവടെ ചേർത്ത പ്രകാരം ഫുഡ് കിറ്റ് വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | സാധനം | അളവ് |
|---|---|---|
| 1 | Ensure Vanila 400 Mg | 50 |
| 2 | Horlicks Oats 1Kg | 100 |
| 3 | Horlicks Oats 500 G | 50 |

പട്ടിക പ്രകാരം ലഭിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 120 ൽ ചേർത്ത് ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏത് ഹെൽത്ത് ഇൻസ്പെക്ടർക്കാണ് കൈമാറിയതെന്നോ ഇതിന്റെ ഗുണഭോക്താക്കൾ ആരെന്നോ അവർക്ക് ഫുഡ് കിറ്റ് വിതരണം ചെയ്തതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. ഫുഡ് കിറ്റ് വിതരണം ചെയ്തതിന്റെ മുഴുവൻ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 17/23-08-2021) നൽകിയ മറുപടിയിൽ ഫുഡ് കിറ്റ് സ്റ്റോക്ക് രജിസ്റ്റർ പേജ് 120 ൽ ചേർത്ത് ആർക്കാണ് നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഇവ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്ററിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളുടെ പകർപ്പുകൾ മറുപടിയോടൊപ്പം ലഭ്യമാക്കുന്നു എന്നും അറിയിച്ചിട്ടുണ്ടെങ്കിലും ഇവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. ആയതിനാൽ ചെലവു തുക ₹ 50000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഫാമിലി ഹെൽത്ത് സെന്റർ ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകൽ - രേഖകൾ ഹാജരാക്കാത്തതിനാൽ ₹4,54,333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 96/20<br>ഫാമിലി ഹെൽത്ത് സെന്റർ ഡോക്ടർക്കും<br>പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകൽ |
| അടങ്കൽ | ₹ 8,70,000 (തനത് ഫണ്ട്) |
| ചെലവ് | ₹ 4,54,333 |

സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതി പ്രകാരം കൂടാളി പി എച്ച് സിയെ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന്റെ ഭാഗമായി ഉച്ച കഴിഞ്ഞ് ഡ്യൂട്ടി ചെയ്യുന്ന ഡോക്ടർക്കും ഫാർമസിസ്റ്റിനും ഹോണറേറിയം നൽകുന്നതിനായി 2019-20 വർഷം മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. ഡോക്ടർക്കും ഫാർമസിസ്റ്റിനും പ്രതിമാസം യഥാക്രമം ₹50,000, ₹22,500 നിരക്കിൽ പ്രതിമാസം ₹72,500 പ്രകാരം 12 മാസത്തേക്ക് ₹8,70,000 വകയിരുത്തുന്നു. പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ലഭ്യമാക്കിയ ഫയൽ പ്രകാരം ഡോക്ടർക്കും ഫാർമസിസ്റ്റിനും വേതനം നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര്/<br>തസ്തിക | വേതനം നൽകിയ കാലയളവ് | തുക ₹ | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| ഡോ.അഞ്ജലി കെ | 23-09-2019 മുതൽ<br>30-09-2019 വരെ | 13333 | 4480785/03-01-2020 |
| ഡോ. സരിമ കുഞ്ഞിരാമൻ | 01-10-2019 മുതൽ<br>30-10-2019 വരെ | 50000 | |
| പ്രവിത ടി വി,<br>ഫാർമസിസ്റ്റ് | 23-09-2019 മുതൽ<br>30-09-2019 വരെ | 6000 | 4480788/16-01-2020 |
| ഡോ. സരിമ കുഞ്ഞിരാമൻ | 01-11-2019 മുതൽ<br>30-11-2019 വരെ | 50000 | ചെക്ക് നമ്പർ ലഭ്യമല്ല. ആകെ ബിൽ തുക ₹ 2,86,833 ആണെങ്കിലും (IT ₹ 15,000 ഉൾപ്പെടെ) ബാക്കി തുകയ്ക്കുള്ള വൗച്ചറു കൾ ഫയലിൽ ലഭ്യമല്ല. |
| | 01-01-2020 മുതൽ<br>31-01-2020 വരെ | 50000 | |
| പ്രവിത. ടി. വി.<br>ഫാർമസിസ്റ്റ് | 01-01-2020 മുതൽ<br>31-01-2020 വരെ | 22500 | |
| ആകെ | | 1,91,833 | |

പദ്ധതി പ്രകാരമുള്ള ആകെ ചെലവുതുക ₹4,54,333 യ്ക്ക് കണക്കായ ബാക്കി ബില്ലുകൾ, വൗച്ചറുകൾ, ചെക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 18/23-08-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹4,54,333 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ 2019-20

വർഷം നിർവഹണം നടത്തിയ മുഴുവൻ പ്രോജക്ടുകളുടെയും പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 പി എം എ വൈ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 9/20, പി എം എ വൈ വിഹിതം നൽകൽ |
| അടങ്കൽ | ₹30,000 വികസനഫണ്ട്, ജനറൽ |
| ചെലവ് | ₹30,000 ബിൽ നമ്പർ 4/19-20/11-10-2019 |

ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന് പി എം എ വൈ - പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ₹30,000 പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 26/27-08-2021) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ₹30,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വരൾച്ചാ പ്രതിരോധ പ്രവർത്തനം പൈപ്പ് ലൈൻ നീട്ടൽ -പ്രവൃത്തി പൂർത്തീകരിച്ചതിന്റ വിവരം ലഭ്യമാക്കാത്തതിനാൽ ₹60,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 134/20 വരൾച്ചാ പ്രതിരോധ പ്രവർത്തനം പൈപ്പ് ലൈൻ നീട്ടൽ |
| വകയിരുത്തിയ തുക | ₹60,000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് തുക | ₹60,000 ബിൽ നമ്പർ : 4/19-20/12-7-2019 |

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയായ വരൾച്ചാ പ്രതിരോധ പ്രവർത്തനം പൈപ്പ് ലൈൻ നീട്ടൽ എന്ന മേൽ പ്രോജക്ട് പ്രകാരം കൊളച്ചേരി വാട്ടർ സപ്ലൈ സ്കീമിൽ നിന്നും കൂടാളി ഗ്രാമ പഞ്ചായത്തിലെ കുവ വിജയന്റെ വീട്ടുമുതൽ 120 മീറ്റർ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ ₹60,000 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, WS ഡിവിഷൻ കണ്ണൂർ എന്നവർക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രശീതി, പ്രവൃത്തി പൂർത്തീകരിച്ചതിന്റ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 20/24-8-2021 നമ്പർ പ്രകാരമുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹60,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് റോഡിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല ₹50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബങ്കണപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് റോഡിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആനുഷംഗിക ചെലവിനത്തിൽ 2019-20 വർഷം വൌച്ചർ നമ്പർ 21900219/29-6-2019പ്രകാരം ₹50,000 സ്പെഷ്യൽ തഹസിൽദാർ LA തലശ്ശേരിക്ക് നൽകിയിട്ടുണ്ട്. ₹50,000 സ്പെഷ്യൽ തഹസിൽദാർ LA തലശ്ശേരിക്ക് നൽകിയതിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം ഗ്രാമ പഞ്ചായത്തിന് ലഭിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 27/24-8-2021 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ ₹50,000ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പൊതു കുഴൽ കിണർ നിർമ്മാണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ₹1,48,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 180/20 പൊതു കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | ₹1,00,000 വികസന ഫണ്ട് |

| | |
|---|---|
| | ₹1,25,000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ആകെ | ₹2,25,000 |
| ചെലവ് തുക | ₹19,000 വികസന ഫണ്ട്, ബിൽ നമ്പർ : 23/19-20/31-12-2019 |
| | ₹4,000 വികസന ഫണ്ട്, ബിൽ നമ്പർ : 30/19-20/10-3-2020 |
| | ₹1,25,000 ധനകാര്യ കമ്മീഷൻ അവാർഡ്, ബിൽ നമ്പർ : 22/19-20/31-12-2019 |
| ആകെ | ₹1,48,000 |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മുഖേന നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയായ പൊതു കുഴൽ കിണർ നിർമ്മാണം എന്ന മേൽ പ്രോജക്ട് പ്രകാരം കണ്ണൂർ ജില്ലാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് ₹1,48,000 മുൻകൂറായി നൽകിയിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുക കൈപ്പറ്റിയതിന്റെ രശീതി, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 19/24-8-2021 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹1,48,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന തുക കരാറുകാരന് അധികം നല്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 121/20 ചോല വെള്ളാവിൽ റോഡ് റീടാറിംഗ് |
| അടങ്കൽ | ₹2,00,000 മെയിന്റനൻസ് ഫണ്ട് റോഡ് |
| എഗ്രിമെന്റ് നമ്പർ തീയതി | AE/LSGD/KDLY/40/2018-19/04-12-2018 |
| എം ബുക്ക് നമ്പർ | 40/2018-19 |
| കരാറുകാരൻ | കോടിക്കണ്ടി ഗ്രൂപ്പ് |
| ചെലവ് | ₹199353 ബിൽ നമ്പർ : 40/19-20/20-04-2019 |

മേൽ പ്രവൃത്തിയിൽ കോടിക്കണ്ടി ഗ്രൂപ്പിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹199353 X 2%) ₹3987ആദായ നികുതി ഈടാക്കുന്നതിന് പകരം 1994 മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹1993 (₹3987-₹1994) കരാറുകാരന് അധികം നല്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹1993 തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-26 ടെണ്ടർ തിരുത്തലുകൾ (കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ വ്യവസ്ഥകൾ പാലിക്കുന്നില്ല.

1.കൊളപ്പ കരിമ്പന വയൽ റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 153/2020 കൊളപ്പ കരിമ്പന വയൽ റോഡ് ടാറിംഗ് |
| അടങ്കൽ | 465000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| | |

| | |
|---|---|
| എഗ്രിമെന്റ് നമ്പർ തീയതി | AE/LSGD/KDLY/21/2018-19 തീയതി 04-10-2018 |
| എം ബുക്ക് നമ്പർ | 21/2018-19 |
| കരാറുകാരൻ | സി പി ജലീൽ |
| ചെലവ് | ₹461510 ബിൽ നമ്പർ : 31/19-20/24-08-2019 |

മേൽ പ്രവൃത്തിയിൽ രണ്ട് ടെണ്ടറുകളാണ് ലഭിച്ചത് ശ്രീ സി പി ജലീൽ എസ്റ്റിമേറ്റ് നിരക്കിലും ശ്രീ കെ പി മുസ്തഫ എന്നിവരുടെ ടെണ്ടർ ഫോമിൽ 7.1 % കുറഞ്ഞ നിരക്കിൽ എന്നത് തിരുത്തൽ വരുത്തി 7.1% കൂടിയ നിരക്കിൽ എന്നാക്കി മാറ്റിയിട്ടുള്ളതും. ഇതിന്റെ കൂടെ ഹാജരാക്കിയ Percentage BOQ സ്റ്റേറ്റ്മെന്റിൽ (അവസാന പേജിൽ) 7.1% കുറഞ്ഞ നിരക്കിൽ എന്ന് വ്യക്തമായി എഴുതി അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുത്തൽ നടത്തിയ പേജിൽ പ്രസ്തുത തിരുത്തൽ ശ്രീ. കെ.പി. മുസ്തഫ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല ടെണ്ടറിൽ എന്തെങ്കിലും തിരുത്തൽ ഉള്ളതായി അസി. എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടില്ല. ക്വാട്ട് ചെയ്ത തുക അക്ഷരത്തിലും അക്കത്തിലും എഴുതണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ ചട്ടം 10-8). ഓരോ ടെണ്ടറിലും അത് നൽകിയിട്ടുള്ള ആൾ വരുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ തിരുത്തലിന് നേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമ നമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകളുടെ വിവരം ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതുമാണ്. (ചട്ടം 10-7).

2.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 122/2020 ചിത്രാരി പുലക്കോട്ട റോഡ് ടാറിംഗ് |
| അടങ്കൽ | 470000 മെയിന്റനൻസ് ഫണ്ട് റോഡ് |
| എഗ്രിമെന്റ് നമ്പർ തീയതി | AE/LSGD/KDLY/22/2018-19 തീയതി 04-10-2018 |
| എം ബുക്ക് നമ്പർ | 22/2018-19 |
| കരാറുകാരൻ | സി പി ജലീൽ |
| ചെലവ് | ₹467269 ബിൽ നമ്പർ 2/19-20/20-4-2019 |

മേൽ പ്രവർത്തിയിൽ 2 ടെണ്ടറുകളാണ് സമർപ്പിച്ചത് ശ്രീ സി പി ജലീൽ എസ്റ്റിമേറ്റ് നിരക്കിലും ശ്രീ പി നാസർ 5.5% കുറഞ്ഞ നിരക്കിൽ എന്നത് തിരുത്തി 10% അധിക നിരക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും. തിരുത്തൽ കരാറുകാരനൊ അസിസ്റ്റന്റ് എഞ്ചിനിയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചട്ടത്തിലെ വ്യവസ്ഥ പാലിക്കാതെ കുറഞ്ഞ നിരക്കിൽ ലഭിച്ച ടെണ്ടർ സ്വീകരിക്കാത്തതിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/12-08-2021) സെക്രട്ടറി, പ്രസിഡന്റ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് ടെണ്ടർ തുറന്നതെന്നും, അപാകങ്ങൾ മറ്റുതിരക്കുകൾക്കിടയിൽ മനപൂർവ്വമല്ലാതെ സംഭവിച്ചു പോയതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

## 1-27 ഖരമാലിന്യ സംസ്കരണം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിന് അനുവദിച്ച ₹17,00,000 വിനിയോഗിക്കാതെ തിരിച്ചടച്ചു.

ജില്ലാ കോർഡിനേറ്റർ ശുചിത്വമിഷൻ കണ്ണൂരിൽ നിന്നും ഖരമാലിന്യ സംസ്കരണം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി

സെന്റർ നിർമ്മിക്കുന്നതിന് 30-11-2017 ന് ലഭിച്ച ₹12,00,000 യും 04-04-2018 ന് ലഭിച്ച ₹5,00,000 യും ഉൾപ്പെടെ ആകെ ₹ 17,00,000 ഗ്രാമ പഞ്ചായത്തിന് ലഭിച്ചുവെങ്കിലും മുഴുവൻ തുകയും വിനിയോഗിക്കാതെ തിരിച്ചടക്കുകയാണ് ചെയ്തത്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിന് വേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ തിരിച്ചടച്ചതിന്റെ കാരണം അറിയിക്കുന്നതിന് വേണ്ടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/16-08-2021) മറുപടി നൽകിയിട്ടില്ല. മാലിന്യ സംസ്കരണത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതെ ലഭിച്ച തുക തിരിച്ചടച്ചത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

**1-28 ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിന് അനുവദിച്ച ₹11,02,800 വിനിയോഗിച്ചില്ല.**

ലൈഫ് ഭവനപദ്ധതി മൂന്നാംഘട്ടത്തിന് 28-10-2019 ന് ₹11,02,800 ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചുവെങ്കിലും 31-03-2021 വരെ ഈ തുക വിനിയോഗിച്ചിട്ടില്ല. തുക പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

**4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2019-20 | 10-8-2021 | നം. കെ.എസ്.എ./കെ.എൻ.ആർ./സി.10/952/2021 തീയതി: 06.10.2021 |

**4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 27960 | 39/20 നെൽകൃഷി, വിത്ത് കമ്മായം, കൂലിചെലവ് ഒന്നും രണ്ടും വിളകൾക്ക് | 27960 | ഇല്ല |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 1102800 | 65/20 ലൈഫ് ഭവന നിർമ്മാണ പദ്ധതി മൂന്നാം ഘട്ടം | ഇല്ല | 1102800 |
| 3 | ഇരിട്ടി ബ്ലോക്ക് | 200000 | 73/20 | 200000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | | |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 400000 | 34/20 ക്ഷീരകർഷകർക്ക് പാലുൽപ്പാദന ബോണസ് | 400000 | ഇല്ല |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 99995 | 80/20സാന്ത്വന ചികിത്സ | 99995 | ഇല്ല |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 250000 | 73/20 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 250000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 45000 | 88/20 പച്ചപ്പ് തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ | 45000 | ഇല്ല |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നമ്പർ/ പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൌച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കെഎസ് ഇ.ബി | 7/20 തെരുവ് വിളക്ക് സ്ഥാപിക്കാൻ സ്ട്രീറ്റ് ലൈൻ വലിക്കൽ | 17/19-20 31-12-2019 | 12,00,000 | 4,30,700 | പൂർത്തീ കരിച്ചു |
| | | 18/19-20 31-12-2019 | | 4,32,400 | |
| | | 19/19-20 31-12-2019 | | 3,36900 | |
| ഭൂജല വകുപ്പ് | 180/20 പൊതു കുഴൽകിണർ നിർമ്മാണം | 23/19-20 31-12-2019 | 1,00,000 | 19,000 | പൂർത്തീ കരിച്ചിട്ടില്ല |
| | | 30/19-20 10-3-2020 | | 4,000 | |
| | | 22/19-20 31-12-2019 | 1,25,000 | 1,25,000 | |
| കേരള വാട്ടർ അതോറിറ്റി | 134/20 വരൾച്ചാ പ്രതിരോധ പ്രവർത്തനം പൈപ്പ് | 4/19-20/ | 60,000 | 60,000 | പൂർത്തീ കരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | ലൈൻ നീട്ടൽ | 12-7-2019 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC ലോൺ) | സ.ഉ.(എം.എസ്) നം.2278/ത.സ്വ.ഭ.വ തീയ്യതി: 18-8-2018 | 56,36,553 | 56,36,553 | 3,67,647 | 52,68,906 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 228793 |
| തൻവർഷം നിക്ഷേപിച്ച തുക | 29546 |
| ആകെ | 258339 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 258339 |

നിക്ഷേപത്തിന്റെ വിവരം

| സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ/Lതീയ്യതി | പലിശ നിരക്ക് | കാലാവധി | തുക |
|---|---|---|---|---|
| കനറാ ബാങ്ക്, പട്ടാന്നൂർ | 457411/14-2-2020 | 6% | 2 വർഷം | 258339 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹3,782 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ തീയ്യതി |
|---|---|---|---|---|
| 2017-18 | 3-12 | 3782 | ആർ. രാമചന്ദ്രൻ | 119010100627/17-5-2019 |
| ആകെ | | 3782 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)0വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | - | 2012-13 | 3-3-6-8 | ആരോഗ്യമേഖല വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | - |
| 2011-12 | - | 2012-13 | 3-3-6-19 | പൊതുശൌചാലയം ജനങ്ങൾക്ക് തുറന്ന് കൊടുക്കാത്തത് | - |
| 2014-15 | 2.2 | 2016-17 | 2.2 അനുബന്ധം 4 | തൊഴിൽ നികുതി | - |
| 2015-16 | 2.6 | 2017-18 | 2.6 അനുബന്ധം 4 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമയ്ക്കൽ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിച്ചതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 5,73,85,505 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 5,12,83,662 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 11,800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 14,46,739 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-13 | 11,800 | - | ശ്രീ. കെ. രാജൻ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-14 | 2,00,000 | ശ്രീ. രാജൻ. കെ., സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-16 | 3,93,750 | ഡോ. മഗേഷ്. എസ്, വെറ്ററിനറി സർജൻ |
| 1-17 | 29,400 | ശ്രീ. പ്രസാദൻ. കെ.പി, ഹെഡ് മാസ്റ്റർ |
| 1-18 | 31,256 | ശ്രീ. പ്രസാദൻ. കെ.പി, ഹെഡ് മാസ്റ്റർ |
| 1-19(1)<br>1-19(2) | 99995+<br>50000 | ഡോ. സോന ബി നായർ, മെഡിക്കൽ ഓഫീസർ FHC |
| 1-20 | 4,54,333 | ഡോ. സോന ബി നായർ, മെഡിക്കൽ ഓഫീസർ FHC |
| 1-21 | 30,000 | ശ്രീമതി. രേഷ്മ രവീന്ദ്രൻ, വി.ഇ.ഒ കുടാളി |
| 1-22 | 60000 | ശ്രീ. ഇബ്രാഹിം. എൻ. വി, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-23 | 50000 | ശ്രീ. ഇബ്രാഹിം. എൻ. വി, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-24 | 148000 | ശ്രീ. രാജൻ. കെ, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| ആകെ | 1446739 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-25 | 1993 | ശ്രീ. ധർമ്മരാജൻ. പി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഇബ്രാഹിം. എൻ. വി.<br>സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി<br>ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് | അറഫ മൻസിൽ,<br>ചെങ്ങളായി<br>പി.ഒ-ചെങ്ങളായി,<br>കണ്ണൂർ |
| ശ്രീ. രാജൻ. കെ.<br>സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി<br>മുണ്ടേരി ഗ്രാമ പഞ്ചായത്ത് | അയ്യപ്പൻചാലിൽ<br>ഹൌസ്<br>പി.ഒ- കുറ്റ്യാട്ടൂർ, കണ്ണൂർ |
| ഡോ. മഗേഷ്. എസ്.<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ<br>കുടാളി | കണ്ണോത്ത് ഹൌസ്<br>വേങ്ങാട്, കണ്ണൂർ |
| ശ്രീ. പ്രസാദൻ. കെ.പി.<br>ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്<br>കൊടോളിപ്രം | ഹെഡ് മാസ്റ്റർ<br>ജി.എൽ.പി.എസ്<br>കൊടോളിപ്രം | തണൽ, താറ്റ്യോട്<br>പി. – കുടാളി, കണ്ണൂർ |
| ഡോ. സോന ബി നായർ.<br>മെഡിക്കൽ ഓഫീസർ FHC | മെഡിക്കൽ ഓഫീസർ FHC<br>കുടാളി | അമൻ.<br>ചെട്ടിപ്പീടിക, കണ്ണൂർ |
| ശ്രീമതി. രേഷ്മ രവീന്ദ്രൻ.<br>വി.ഇ.ഒ കുടാളി | വി.ഇ.ഒ കീഴല്ലൂർ | ഇന്ദ്രനീലം,<br>ഐവർകുളം<br>പി.ഒ- മുണ്ടല്ലൂർ, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 1 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 1 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 2 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 2 |
| 2007-08 | നം.കെ.എസ്.എ/കെ..എൻ.ആർ/സി 10/757/19 തീയതി 6-6-19 | 1 |
| 2008-09 | നം.കെ.എസ്.എ/കെ..എൻ.ആർ/സി 10/757/19 തീയതി 6-6-19 | 5 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 5 |
| 2010-11<br>2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 5 |
| 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/28/19 തീയതി 6-4-18 | 3 |
| 2013-14<br>2014-15 | നം.കെ.എസ്.എ/കെ..എൻ.ആർ/സി 10/757/19 തീയതി 6-6-19 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/757/19 തീയതി 6-6-19 | 6 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/1837/18 തീയതി 15-12-18 | 25 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/702/2020 തീയതി 30-9-20 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്

### RECEIPT AND PAYMENT STATEMENT OF KOODALI GRAMA PANCHAYAT

### FOR THE PERIOD FROM 1-4-2019 TO 31-3-2020

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br><br>Cash | RP-40(a)<br><br>RP-40(a) | 33726307.68<br><br>119705 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1492380 |
| 140000000 | Fees & User Charges | RP-4 | 2161804 |
| 150000000 | Sale & Hire Charges | RP-5 | 241391 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40788164 |
| 171000000 | Interest Earned | RP-9 | 1149006 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4329224 |
| 340000000 | Deposits Received | RP-34 | 36101 |
| 350000000 | Other Liabilities | RP-36 | 500210 |
| Non operating | | | |
| 180000000 | Other Income | RP-10 | 30068 |
| 311000000 | Earmarked Fund | RP-29 | 20514 |
| 340000000 | Deposits Received | RP-34 | 275614 |
| 350000000 | Other Liabilities | RP-36 | 453655 |
| 412000000 | Capital Work in Progress | RP-40 | 43640 |
| 431000000 | Sundry Debtors (Receivables) | RP-43 | 5863734 |
| Grand Total | | | 91231517.68 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3645292 |
| 220000000 | Administrative Expenses | RP-12 | 1126846 |
| 230000000 | Operations & Maintenance | RP-13 | 1014618 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3308626 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11894780 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 243428 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 66818 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 521160 |
| 255000000 | Maintance Projects | RP-20 | 7333522 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -7139 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1907351 |
| 340000000 | Deposits Received | RP-34 | 58735 |
| 350000000 | Othes Liabilities | RP-36 | 6404550 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 931 |
| 280000000 | Prior Period Item | RP-26 | -20600 |
| 311000000 | Earmarked Funds | RP-29 | 33000 |
| 340000000 | Deposits Received | RP-34 | 34451 |
| 350000000 | Other Liabilities | RP-36 | 2700624 |
| 410000000 | Fixed Assets | RP-38 | 8332383 |
| 412000000 | Capital Work in Progress | RP-40 | 0 |
| 460000000 | Loans, Advances and Deposits | RP-47 | 2674286 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 39820802<br>127053 |
| Grand Total | | | 91231517.68 |

INCOME AND EXPENDITURE STATEMENT OF KOODALI GRAMA PANCHAYAT

FOR THE PERIOD FROM 1-4-2019 TO 31-3-2020

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7158797 |
| 130000000 | Rental Income from Panchayat Properties | I-3 | 285748 |
| 140000000 | Fees & User Charges | I-4(b) | 2479390 |
| 150000000 | Sale & Hire Charges | I-5(b) | 321811 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 99569849 |
| 170000000 | Income from Investment | I-7 | 29546 |
| 171000000 | Interest Earned | I-8 | 1149006 |
| 180000000 | Other Income | I-9 | 46635 |
| A | Total Income | | 111040782 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11546338 |
| 220000000 | Administrative Expenses | I-11(b) | 1126846 |
| 230000000 | Operations & Maintenance | I-12(b) | 1014618 |
| 240000000 | Interest & Finance Charges | I-13 | 931 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 3702376 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 37110519 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 243428 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 903236 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 25242560 |
| 255000000 | Maintance Projects | I-14(e) | 7333522 |
| 260000000 | Grants, Contributions &Compensations from Own Fund | I-15 | 10000 |
| 272000000 | Depreciation | I-17(a) | 11121699 |
| B | Total Expenditure | | 99356073 |
| C=A-B | Gross Surplus / Defict Income over Expenditure | | 11684709 |
| D= 280000000 | Prior Period Item | I-18 | -211044 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 11895753 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

BALANCE SHEET OF KOODALI GRAMA PANCHAYAT AS ON 31-3-2020

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 12552597.63 |
| 311000000 | Earmarked Funds | B-2 | 14361 |
| 312000000 | Reserves | B-3 | 64428559 |
| | Total Reserve & Surplus | | 76995517.63 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2946162 |
| | Total Grants,Contribution for specific purposes | | 2946162 |
| | Loans | | |
| 330000000 | Secured Loans | B-5 | 5268906 |
| | Total Loans | | 5268906 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 779701 |
| 350000000 | Other Liabilities | B-9 | 186586.7 |
| | Total Current Liabilities and Provisions | | 779701 |
| | TOTAL LIABILITIES | | |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 105074557 |
| 411000000 | Accumulated Depreciation | B-11 | -60328118 |
| | | | |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 34360 |
| | Total Fixed Assets | | 44780799 |
| | Investments | | |
| 420000000 | Investments | B-12 | 258339 |
| | Total Investments | | 258339 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | -0.35 |
| 450000000 | Cash and Bank balance | B-17 | 39947855.68 |
| 460000000 | Loans, Advances and Deposits | B-18 | 2869157 |
| | Total Current Assets,Loans and Advances | | 42817012 |
| | TOTAL ASSETS | | 87856150 |

DEPUTY DIRECTOR
DISTRICT AUDIT OFFICE KANNUR
KERALA STATE AUDIT DEPARTMENT